**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2327** **14-10-2024 - ൽ മറുപടിയ്ക്ക്**

**മാലിന്യമുക്തം നവകേരളം പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മാലിന്യമുക്തം നവകേരളം പരിപാടിയുടെ വിശദാംശങ്ങളും പുരോഗതിയും അറിയിക്കുമോ; | (എ) | 2024 ജൂലൈ 26 ന് ബഹു. മന്ത്രിമാരുടേയും വകുപ്പ് മേധാവികളുടേയും യോഗത്തിലും ജൂലൈ 27 ന് നടന്ന സർവകക്ഷി യോഗത്തിലും ബഹു. മുഖ്യമന്ത്രി അവതരിപ്പിച്ച കർമപരിപാടികളുടെ അടിസ്ഥാനത്തിലുമാണ് മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ ആസൂത്രണം ചെയ്യുന്നത്. 2024 ഒക്ടോബർ 02 ഗാന്ധിജയന്തി ദിനത്തിൽ തുടങ്ങി 2025 മാർച്ച് 30 അന്താരാഷ്ട്ര ശൂന്യ മാലിന്യ ദിനത്തിൽ (International Zero Waste Day) ലക്ഷ്യം നേടാൻ കഴിയുന്ന വിധത്തിലാണ് ക്യാമ്പയിൻ ആസൂത്രണം ചെയ്തിരിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന മാലിന്യമുക്തം നവകേരളം ജനകിയ ക്യാമ്പയിനിൽ സമൂഹത്തിലെ വിവിധ വിഭാഗം ജനങ്ങളും അവരവരുടേതായ പങ്ക് നിറവേറ്റുന്ന തരത്തിലും വിവിധ വകുപ്പുകൾ, ഏജൻസികൾ എന്നിവരുടെ ചുമതലകൾ നിറവേറ്റുന്ന തരത്തിലുമാണ് ക്യാമ്പയിൻ രൂപകല്പന ചെയ്തിട്ടുള്ളത്. ശുചിത്വ മിഷൻ, കുടുംബശ്രീ മിഷൻ, കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ക്ലീൻ കേരള കമ്പനി, കില, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, വിനോദസഞ്ചാര വകുപ്പ്, ജലവിഭവ വകുപ്പ് തുടങ്ങിയ വിവിധ ഏജൻസികളെയും വകുപ്പുകളെയും ഏകോപിപ്പിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ ഈ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>2024 ഒക്ടോബർ 02 ന് മാലിന്യമുക്തം നവകേരളം ജനകിയ ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം കൊട്ടാരക്കര എൽ.ഐ.സി. അങ്കണത്തിൽ ബഹു. കേരള മുഖ്യമന്ത്രി നിർവഹിച്ചു. 14 ജില്ലകളിലും 152 ബ്ലോക്ക് പഞ്ചായത്ത് കേന്ദ്രങ്ങളിലും 87 |

| | | | |
|---|---|---|---|
| | | | മുനിസിപ്പാലിറ്റികളിലും 6 മുനിസിപ്പൽ കോർപ്പറേഷനുകളിലും ഇടമലക്കുടി ഒഴികെയുള്ള 940 ഗ്രാമപഞ്ചായത്തുകളിലും വിവിധ മാതൃകാ പ്രവർത്തനങ്ങൾ നാടിന് സമർപ്പിച്ചുകൊണ്ട് ജനകീയ ക്യാമ്പയിൻ ഉദ്ഘാടനം നടന്നു. ജനകീയ ക്യാമ്പയിന്റെ ഒക്ടോബർ 02 മുതൽ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു.<br><br>ടൗൺ സൗന്ദര്യവത്ക്കരണവും ശുചീകരണ പ്രവർത്തനങ്ങളും - 434 കേന്ദ്രങ്ങളിൽ<br><br>ടൂറിസം കേന്ദ്രങ്ങളിലെ ഹരിതവത്ക്കരണം - 32 സ്ഥലങ്ങളിൽ<br><br>ഹരിത വിദ്യാലയ പ്രഖ്യാപനം - 160 സ്കൂളുകൾ<br><br>ഹരിത കലാലയ പ്രഖ്യാപനം -22 കലാലയങ്ങൾ<br><br>ഹരിത സ്ഥാപന പ്രഖ്യാപനം - 150 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ<br><br>അടിസ്ഥാന സൗകര്യ വികസനം -545 കേന്ദ്രങ്ങളിൽ |
| (ബി) | പ്രസ്തുത പരിപാടിയുടെ ഭാഗമായി നടപ്പാക്കിയ നൂതനാശയങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | മാലിന്യം പൊതു ഇടങ്ങളിൽ വലിച്ചെറിയുന്നത് റിപ്പോർട്ട് ചെയ്യുന്നതിനായി കോമൺ വാട്ട്സ്ആപ്പ് (9446700800) പദ്ധതി നടപ്പിലാക്കുകയും അതിലൂടെ പൊതുജനങ്ങൾ/വ്യക്തികൾക്ക് പരാതി അറിയിക്കാവുന്നതുമാണ്.<br><br>പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി മാലിന്യം വലിച്ചെറിയുന്നവരുടെ ഫോട്ടോ/വീഡിയോ എടുത്ത് നൽകുന്ന വ്യക്തിക്ക് പാരിതോഷികം നൽകുന്നപദ്ധതി നിലവിലുണ്ട്.<br><br>മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി കേരളത്തിലെ പാതയോരങ്ങളുടെയും പൊതു ഇടങ്ങളുടെയും പരിപാലനം നമ്മുടെ പൊതുവായ ശുചിത്വ നിലവാരത്തിന് ആനുപാതികമായി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നാഷണൽ സർവ്വീസ് സ്കീമിന്റെയും നേതൃത്വത്തിൽ സ്നേഹാരാമം എന്ന പദ്ധതി നടപ്പിലാക്കി.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിത മിത്രം ആപ്ലിക്കേഷന്റെ പ്രവർത്തനം നടപ്പിലാക്കാൻ സാധിച്ചു. |
| (സി) | വിദേശ രാജ്യങ്ങളിലെ മാതൃകയിൽ റോഡരികിലുള്ള വീടുകൾ, സ്ഥാപനങ്ങൾ എന്നിവയുടെ മുൻഭാഗത്തുള്ള റോഡ് വശങ്ങൾ ശുചീകരിച്ച് | (സി) | കടകളുടെയും വാണിജ്യ സ്ഥാപനങ്ങളുടെയും പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിനായി |

| | | | |
|---|---|---|---|
| | സൗന്ദര്യവൽക്കരിക്കുന്നതിന്റെ ഉത്തരവാദിത്വം അതത് കെട്ടിട ഉടമസ്ഥർക്ക് നൽകാൻ നടപടി സ്വീകരിക്കുമോ? | | പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 219ഐ ഉം മുനിസിപാലിറ്റി ആക്ട് വകുപ്പ് 335 ഉം നിഷ്കർഷിക്കുന്നു. |

സെക്ഷൻ ഓഫീസർ